# CHURCH WEEKLY

## July 2019

*An Ecumenical Publication from*

**THE ALWAYE FELLOWSHIP HOUSE**

# Church Weekly

Vol. 73
Issue 7
July 2019


Sri K.C. Chacko
*Founder of the Church Weekly*
*(1946)*



*An Ecumenical Publication from*
**THE ALWAYE FELLOWSHIP HOUSE**


*73rd Year of Publication*
**FOUNDER CHIEF EDITOR : Sri. N.M. ABRAHAM**
First Published : December 1946



## CHURCH WEEKLY
**C/o The Alwaye Fellowship House**
**Union Christian College P.O.**
**Alwaye - 683 102,**
**Kerala, South India.**
**Ph : 0484-2605630, 2606986**

*E-mail : churchweeklyafh@gmail.com*
*fellowshiphse@gmail.com*
*Chief Editor : mgk.afh@gmail.com*
**Website**
*www.alwayefellowshiphouse.com*



**EDITORIAL BOARD**

KURUVILLA M. GEORGE IRS (Retd)
0484-2603260
(Chief Editor)
Prof. ABRAHAM MATHEW
Prof. M.T. SARAMMA
SANTHOSH OOMMEN
Dr. M.I. PUNNOOSE
Dr. ANNIE DAVID
GEORGE JOSEPH
Dr. GEORGE EIPE
Dr. VARGHESE JOHN

**ADVISOR**
K.V. MAMMEN

**CIRCULATION MANAGER**
K.O. ELIAS
0484-2606986, 9446718234


**SUBSCRIPTION RATES**

| | Inside India | |
|---|---|---|
| Single Issue | ₹ 10.00 | |
| Annual | ₹ 100.00 | |
| 10 years | ₹ 900.00 | |
| Life (Patron) | ₹ 10000.00 | |
| | **Outside India** | |
| Annual | ₹ 600.00 | or 10 USD |
| 10 years | ₹ 6000.00 | or 100 USD |
| Life (Patron) | ₹ 60000.00 | or 1000 USD |

- *Articles, Advertisements and Letters may be sent to the Chief Editor. Photos and matrimonial requests are also welcome. (Full page Rs.1000, Half page Rs.500)*
- *All correspondence regarding subscription enquiries may be sent to the Circulation Manager.*


*DISCLAIMER*
*The Alwaye Fellowship House is not responsible for the contents of the articles or the genuineness of the advertisements published in the Church Weekly.*


*Read... Subscribe... Recommend...*

# A PRAYER

Dear God,

I pray for your encouragement to light my path today. I humbly ask for a renewal of hope within me. Forgive me for my times of doubt and for getting caught up in self pity. I know it is not of you. Lord, I pray for someone to help today. Put them before me and help me to make a difference in their life. I pray about my impatience and anxiety. O Lord, calm me down; steady me. Please guide every step I take and every decision I must make today. Watch over me and keep me from harm.

Amen .

A Prayer by C.L.Murphy

## ഈ ലക്കത്തിൽ


| | | | |
|---|---|---|---|
| 4 | *Church Weekly 50 years ago* | | |
| 5 | *മുഖമൊഴി* | | |
| 7 | *കാൽപാടുകൾ - 31* | ഓർത്തഡോക്സ് ആരാധന | *Very Rev. Johny George Cor-Episcopa* |
| 9 | *ബൈബിൾ ചിന്തകൾ - 81* | പരിശുദ്ധാത്മ നിറവ് | *Prof. M.Y. Yohannan* |
| 11 | *സാമൂഹ്യദർശനം* | ആസക്തികളുടെ ഉത്സവകാലം | *Prof. M Thomas Mathew* |
| 13 | *യുവലോകം - 55* | ചിന്തകൾ നമ്മുടെ വ്യക്തിത്വത്തെ സ്വാധീനിക്കുന്നു | *Fr. Dr. Thomson Roby* |
| 15 | *ഇതൾ* -1 | പ്രാർത്ഥന | *Fr. Nobin Philip* |
| 17 | *കഥ* | ഭൂതകാലത്തിൽ നിന്നൊരു സെൽഫി | *Thomas P Kodian* |
| 19 | *നേർക്കാഴ്ചകൾ* | ഇറുക്കപ്പെടുന്ന ചെമ്പനീർപ്പൂക്കൾ | *Thomas Neelarmadom* |
| 21 | *മാർഗ്ഗദർശനം* | സഭാജീവിതത്തിലെ വിവേചനാശക്തിയും ലക്ഷ്യബോധവും | *David Mathew* |
| 23 | *Pilgrimage-45* | Divine Economy and Human Economics | *Fr.Dr.K.M. George* |
| 25 | *Christian Vision-25* | Who Truly Serve God? | *Prof. Dr. T.V. Thomas* |
| 27 | *Random Thoughts* | *I was there, before the Chief Justice of India* | *Rev. Dr. Valson Thampu* |
| 29 | *Insights* | Epigenetics: A story beyond DNA | *Dr. T. Thomas Philip* |
| 33 | *Life Style* | How Thankful Are You? | *Dr. Annie David* |
| 35 | *Last Page* | "The Lord is My Shepherd" | *M.G Kuruvila* |

# ഹൃദയ വിശകലനം

| 50 വർഷം മുമ്പ് |
| --- |
| ചർച്ച് വീക്കിലി, ഫെബ്രു. 1969 |

ബിഷപ്പ് ഫുൾട്ടൻ ജെ. ഷീൻ

മനുഷ്യമനസ്സിനെ സ്വയം പരിശോധിക്കുക - വിശകലനം ചെയ്യുക - ആരാഞ്ഞു നോക്കുക - ആധുനികകാലത്ത് ഇവ സംഭവിക്കുന്നതുപോലെ മുമ്പൊരിക്കലും ഈ ലോകത്തിൽ സംഭവിച്ചിട്ടില്ല. എന്നാലും ദന്തവൈദ്യന്റെ മുമ്പിലിരിക്കുന്ന ഒരു ചെറുകുഞ്ഞിനെപ്പോലെയാണു നാം. പരിശോധന എന്ന ആയുധപ്രയോഗം മൂലം വേദനയുണ്ടാക്കുന്ന നിമിഷത്തിൽ നാം പ്രതിഷേധം രേഖപ്പെടുത്തുന്നു. കടൽക്കരയിൽ ചെറുഗുഹകളുണ്ടാക്കി 'ചൈനയിലേക്ക് ഒരു മാർഗ്ഗം കണ്ടുപിടിക്കയാണ് എന്നു വീമ്പിളക്കുന്ന' ബാലികാബാലന്മാരെപ്പോലെയാണു നാം. എന്നാൽ ആഴത്തിൽ നാം ചെന്നെത്തുന്നില്ലെന്നു ഹൃദയത്തിന്റെ അഗാധതയിൽ നമുക്ക് ബോധമുണ്ടുതാനും.

ആധുനിക മനുഷ്യന് അഗാധമായ അനുഭവങ്ങളെപ്പറ്റി ഭയമാണ്. സ്വയം ഉറ്റ ചങ്ങാതിത്വം സ്ഥാപിക്കാൻ അയാൾക്കു വിസമ്മതമാണുള്ളത്. ഹൃദയങ്ങളുടെ തന്ത്രികളെ സ്പർശിക്കുന്നില്ലെന്ന ഭാവത്തിൽ ആദ്ധ്യാത്മികജീവിതത്തിന്റെ സന്ദേശങ്ങളിൽനിന്ന് അയാൾ മുഖം തിരിച്ചുകളയുന്നു. എന്നാൽ യാഥാർത്ഥ്യമോ? സത്യത്തിൽനിന്ന് അകലാൻ ഒരു മനുഷ്യനു പ്രേരണ നൽകുന്നത് യഥാർത്ഥത്തിലുള്ള സ്വയവുമായി മുഖാഭിമുഖം കാണാനുള്ള ഭയമാണ്. ഇപ്പോഴുള്ള അവസ്ഥയിൽ തുടരാൻ മനുഷ്യനെ അനുവദിക്കുന്ന ഏതൊരു മതവും അവനു സ്വീകാര്യമായിത്തീരുന്നു. എന്നാൽ സ്വർഗ്ഗത്തിന്റെ മാനദണ്ഡത്തെ അഭിമുഖീകരിക്കാൻ നിർബന്ധിതമാക്കിത്തീർക്കുന്ന മതമാകട്ടെ, പരിശോധനയുടെ മുമ്പിൽ ഭയംകൊണ്ടു വിറയ്ക്കാൻ ആത്മാവിനു കാരണം നൽകുന്നു.

എന്നാൽ ഹൃദയത്തിന്റെ അഗാധതയിൽ ആദ്ധ്യാത്മികമായ അഭിവാഞ്ഛകളുണ്ട്. അതു അടിച്ചമർത്താൻ സാദ്ധ്യമല്ല. "ഞാൻ നിന്നെ കണ്ടെത്തിയില്ലായിരുന്നെങ്കിൽ നീ എന്നെ അന്വേഷിക്കയില്ലായിരുന്നു" എന്നു ദൈവം തന്നോടു പറയുന്നതായി പാസ്ക്കലിനു പലപ്പോഴും തോന്നിയിട്ടുണ്ട്. അഗാധതയിൽനിന്നുള്ള രോദനം മനുഷ്യശ്വാസത്തേക്കാൾ പ്രാധാന്യമുള്ളതാണ്. അതു ദൈവികമായ ഒരു പ്രചോദനമാണ്. ദൈവവും ആത്മാവും തമ്മിലുള്ള സമ്പർക്കത്തിനു മഹാപ്രതിബന്ധം അജ്ഞതയല്ല. പാപവും അശുദ്ധിയുമാണത്. ദൈവം സ്നേഹമാകയാൽ തന്റെ സ്നേഹത്തിന്റെ എല്ലാ ശക്തിയും പ്രയോഗിച്ച് ആത്മാവിനെ തന്റെ അടുക്കലെത്തിക്കാൻ അദ്ദേഹം ജീവന്റെയും സങ്കടത്തിന്റെയും പാപത്തിന്റെയും അധഃപതനത്തിന്റെയും ആഴത്തിൽ എപ്പോഴും ഇറങ്ങുന്നു.

"നിന്റെ അദ്ധ്വാനമെല്ലാം നിഷ്ഫലമായിത്തീരാൻ ഇടയാകാതിരിക്കട്ടെ" - ആ ഗാനശകലം വികാരവൈവശ്യം കൂടാതെ വായിക്കാൻ തനിക്കു സാദ്ധ്യമായിരുന്നില്ലെന്നു ഡോ. സാമുവൽ ജോൺസൻ പറയുകയുണ്ടായിട്ടുണ്ട്. തന്റെ ആത്മാവിന്റെ അഭിവാഞ്ഛകൾ ഏതുവിധമെങ്കിലും ദൈവികതത്വത്തിൽ അലിഞ്ഞുചേരണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. അങ്ങനെ സ്നേഹത്തിന്റെ അദ്ധ്വാനം നിഷ്ഫലമായിത്തീരരുതെന്ന് അദ്ദേഹം പ്രാർത്ഥിച്ചുപോന്നു.

ദൈവത്തിൽനിന്ന് ഒളിച്ചോടാൻ എന്തിനു ശ്രമിക്കണം? "മനുഷ്യന് പ്രകാശത്തേക്കാൾ അന്ധകാരമാണ് ഇഷ്ടം" - അതാണ് ദൈവികമായ പ്രത്യുത്തരം. നാം തെറ്റു ചെയ്തശേഷം ശരിയായതും ഉത്തമമായതും ചെയ്യാൻ നമ്മെ ദൈവം സഹായിക്കുന്നതിനു നാം അനുവദിക്കുന്നില്ല. അതാണ് കൂടുതൽ പരിതാപകരമായിട്ടുള്ളത്. സ്നേഹിക്കപ്പെടാൻ ഞാൻ വിസമ്മതിക്കുകമൂലം ദൈവത്തെ നാം അകലെ മാറ്റിനിർത്തുന്നു. നാം മുങ്ങിമരിക്കാൻ ഭാവിക്കയാണ്. എന്നാൽ ആ അവസരത്തിലും ദൈവത്തിന്റെ നീട്ടപ്പെട്ടിരിക്കുന്ന സഹായഹസ്തം പിടിക്കാൻ നാം വിസമ്മതിക്കുന്നു, എന്തുകൊണ്ട്? "അക്കാര്യം ഞാൻതന്നെ നോക്കിക്കൊള്ളാം" എന്ന അഹങ്കാരത്തോടെ നാം പറയുന്നതുകൊണ്ട്. ദൈവത്തെ കാണുക പ്രയാസമല്ല. പക്ഷേ മനുഷ്യനു ദൈവത്തെ കണ്ടെത്തുക ഭയമാണ്. അതാണ് യഥാർത്ഥ്യം.

ഓരോ ഹൃദയത്തിലും രഹസ്യമായ ഓരോ ഉദ്യാനമുണ്ട്. ദൈവം അത് തനിക്കായി നിർമ്മിച്ചിട്ടുള്ളതാണ്. ബാങ്കിലെ ഇരുമ്പുപെട്ടിപോലെ ആ ഉദ്യാനത്തിന്റെ കവാടം ബന്ധിക്കപ്പെട്ടിരിക്കുന്നു. അതിനു രണ്ടു താക്കോലുകളുണ്ട്. ഒരു താക്കോൽ ദൈവത്തിന്റെ കൈവശമാണ്. അതിനാൽ ദൈവത്തിനല്ലാതെ മറ്റാർക്കും ആ ഉദ്യാനത്തിൽ പ്രവേശനം അനുവദിക്കാൻ സാദ്ധ്യമല്ല. മനുഷ്യഹൃദയത്തിന്റെ സൂക്ഷിപ്പിലാണു രണ്ടാമത്തെ താക്കോൽ. അതിനാൽ മനുഷ്യന്റെ അനുമതി കൂടാതെ ദൈവത്തിനുപോലും അതിൽ പ്രവേശിക്കാൻ സാദ്ധ്യമല്ല. ദൈവത്തിന്റെ സ്നേഹവും മാനുഷികസ്വാതന്ത്ര്യവും - ദൈവികാഹ്വാനവും - മാനുഷിക പ്രത്യുത്തരവും - സംയുക്തമായിത്തീരുമ്പോൾ മനുഷ്യഹൃദയത്തിൽ പറുദീസാ മടങ്ങിയെത്തുന്നു.

മുഖമൊഴി...

# വ്യവസ്ഥിതിയുടെ ഇരകളും നിലയ്ക്കാത്ത നിലവിളികളും

നീതിക്കായി കാത്തിരിക്കുന്നവരെയും നീതി അപഹരിക്കുന്നവരെയും മുഖാമുഖം നിർത്തി നമ്മുടെ നീതിന്യായവ്യവസ്ഥകളുടെ അധാർമ്മികതകൾ അനാവരണം ചെയ്യുന്ന ആനന്ദിന്റെ ഹൃദയസ്പർശിയായ ഒരു നോവലാണ് 'ഗോവർധന്റെ യാത്രകൾ'. നീതിക്കായി ഉഴറിനടക്കേണ്ടിവന്ന ഹതഭാഗ്യനായ ഗോവർധന്റെ കഥയാണിതിൽ ആനന്ദ് പറയുന്നത്. ന്യായവിളംബത്തിന് കുപ്രസിദ്ധി നേടിയ ഇന്ത്യൻ കോടതികളുടെ പ്രാന്തങ്ങളിലെ കച്ചേരിപ്പറമ്പുകളിൽ ജീവിതം ഹോമിക്കേണ്ടിവരുന്ന ഗോവർധന്മാരുടെ അലച്ചിലുകൾ അവസാനിക്കുന്നില്ലെന്നാണ് സമീപകാലത്ത് കേരളത്തിലുണ്ടായ ദാരുണ മരണങ്ങൾ വ്യക്തമാക്കുന്നത്.

കേരളത്തിന്റെ സാമൂഹിക മനഃസാക്ഷിയെ പിടിച്ചുലച്ച രണ്ട് ദാരുണമരണങ്ങളാണ് കഴിഞ്ഞ ഒരു മാസമായി പത്രദൃശ്യമാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്നത്. ഒന്ന് ഒരു ആത്മഹത്യയും രണ്ടാമത്തേത് ക്രൂരമായ ഒരു കൊലപാതകവുമാണ്. ദാരുണ മരണങ്ങളുടെയും കൊലപാതകങ്ങളുടെയും പത്രവാർത്തകൾ മലയാളികൾക്ക് പുതുമയുള്ളതല്ലെങ്കിലും മേൽസൂചിപ്പിച്ച ആത്മഹത്യയും അരുംകൊലയും ഭരണകൂട ഭീകരതയുടെ ഭാഗമായിരിക്കുന്നുവെന്നതാണ് ഞെട്ടലുളവാക്കുന്ന യാഥാർത്ഥ്യം. ''ആത്മഹത്യയ്ക്കും കൊലയ്ക്കുമിടയിലൂടാർത്തനാദം പോലെ പായുന്ന ജീവിതം'' - എന്ന ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ വരികൾ സമകാലിക സാമൂഹിക യാഥാർത്ഥ്യങ്ങളുടെ നേർക്കാണ് വിരൽ ചൂണ്ടുന്നത്.

ആന്തൂരിലെ പാറയിൽ സാജൻ എന്ന യുവസംരംഭകനായ വ്യവസായിയുടെ ആത്മഹത്യ കേരളത്തിന്റെ ആത്മാവിനേറ്റ മുറിവാണ്. ചോര വിയർപ്പാക്കി വിദേശത്തു പണിയെടുത്ത് സ്വരൂപിച്ച ധനം കൊണ്ട് നാട്ടിൽ പത്താൾക്കു പണി കൊടുക്കാവുന്ന ഒരു തൊഴിൽ സംരംഭവുമായി ജീവിക്കാമെന്നു മോഹിച്ച് ജന്മനാട്ടിലെത്തിയ സാജനെ അധികാര പ്രമത്തതയിൽ കാഴ്ച നഷ്ടപ്പെട്ട അധികാരിവർഗ്ഗവും ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വവും ചേർന്ന് മരണത്തിലേക്ക് തള്ളിവിടുകയായിരുന്നു. 16 കോടി മുതൽ മുടക്കി പടുത്തുയർത്തിയ സംരംഭം നിർമ്മിതിയിലെ നിസ്സാര അപാകതകളുടെ പേരു പറഞ്ഞ് ചുവപ്പുനാടയുടെ കുരുക്കുമുറുക്കി രസിച്ച ആന്തൂർ നഗരസഭാധികാരികൾ തങ്ങളുടെ ആസ്ഥാനമന്ദിരം തന്നെ നിർമ്മാണച്ചട്ടങ്ങൾ ലംഘിച്ചാണ് സ്ഥിതിചെയ്യുന്നതെന്ന യാഥാർത്ഥ്യം കണ്ടില്ലെന്ന് നടിക്കുകയാണ് ചെയ്തത്.

ഒരു മനുഷ്യനെ എങ്ങനെ സഹായിക്കാമെന്നല്ല എങ്ങനെയൊക്കെ ദ്രോഹിക്കാമെന്നു കണ്ടെത്തുന്നിടത്താണ് നമ്മുടെ അധികാരിവർഗ്ഗം കൂടുതൽ ശ്രദ്ധ പുലർത്തുന്നത്. ആന്തൂർ സംഭവത്തിലെ ഉദ്യോഗസ്ഥ മനോഭാവം ഒറ്റപ്പെട്ട ഒന്നല്ലെന്നും കേരളമാകമാനമുള്ള സർക്കാരാഫീസുകളുടെ പൊതു സ്ഥിതി ഇതു തന്നെയാണെന്നുമെന്നുള്ളതാണ് യാഥാർത്ഥ്യം. ഇതിന് ഉപോദ്ബലകമായ ഒട്ടേറെ സംഭവങ്ങളാണ് ഈ വിവാദത്തെ തുടർന്ന് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ചുവപ്പുനാടകളിൽ കുരുങ്ങി ജീവിതം വഴിമുട്ടിയവർ പലരും ആത്ഹത്യ ചെയ്യാനുള്ള മടിയും ഭയവും മൂലം വല്ലവിധേനയും ജീവിതം തള്ളിനീക്കുന്നുവെന്നു മാത്രം. വൃദ്ധരും വിധവകളും വികലാംഗരുമുൾപ്പെടെ ആയിരക്കണക്കിനാളുകളാണ് നീതി തേടി സർക്കാരാഫീസുകളും കോടതിയും കയറിയിറങ്ങി ജീവിതം പാഴാക്കിക്കൊണ്ടിരിക്കുന്നത്.

ബാൽക്കണിയിലെ കാർപ്പെറ്റ് അളവിലെ വ്യത്യാസവും റാംപിന്റെ ചെരിവിലെ അനുപാതത്തിൽ വന്ന നേരിയ വ്യതിയാനവുമൊക്കെ ചൂണ്ടിക്കാട്ടിയാണ് ആന്തൂർ നഗരസഭ സാജൻ എന്ന കഠിനാധ്വാനിയായ ചെറുപ്പക്കാരന്റെ ജീവന് വിലപറഞ്ഞത്. അധികാര ധാർഷ്ട്യത്തിന്റെ ആൾരൂപം പൂണ്ട ഭരണാധികാരി കുറ്റമത്രയും ഉദ്യോഗസ്ഥരുടെ തലയിൽ കെട്ടിവച്ച് കൈകഴുകാനാണ് ശ്രമിക്കുന്നത്. എന്നാൽ സ്വന്തം പാർട്ടിക്കാരനായ സ്ഥലം എം.എൽ.എ.യുടെ അനുകൂല നിലപാടിന്റെ വെളിച്ചത്തിലെങ്കിലും അനുഭാ

വപൂർണ്ണമായ ഒരിടപെടൽ നഗരസഭാദ്ധ്യക്ഷയുടെ ഭാഗത്തുനിന്നുണ്ടായിരുന്നെങ്കിൽ ആന്തൂരിലെ സാജൻ പാറയിൽ എന്ന ചെറുപ്പക്കാരൻ ഇന്നും നമുക്കൊപ്പം ജീവിച്ചിരുന്നേനേയെന്ന സത്യം വേദനിപ്പിക്കുന്ന യാഥാർത്ഥ്യമാണ്. സ്വകാര്യ സംരംഭകന്റെ നിർമ്മിതിയിലെ സാങ്കേതിക അപാകതകളുടെ പേരിൽ ഒരു മനുഷ്യനെ മരണക്കുടുക്കിൽ മുറുക്കി രസിച്ച ഭരണവർഗ്ഗം, പൊതുമുതലിൽ നിന്ന് 42 കോടി മുടക്കി പണിത പാലാരിവട്ടം മേൽപ്പാലത്തിലെ നിർമ്മാണ അപാകതകളുടെ പേരിൽ ഇതിനുത്തരവാദിയായ മന്ത്രിപ്രമുഖനെയും ഉദ്യോഗസ്ഥ പ്രഭുക്കന്മാരെയും തൊടാനെങ്കിലുമുള്ള ധൈര്യം കാണിക്കുമോ? രാഷ്ട്രീയ മേലാളന്മാർക്ക് ഒരു നീതിയും, ചോരനീരാക്കി ജീവിതം കരുപ്പിടിപ്പിക്കുന്ന സാധാരണക്കാരന് മറ്റൊരു നീതിയുമെന്ന നിലപാട് ജനാധിപത്യവ്യവസ്ഥിതിക്ക് ഒട്ടും ഭൂഷണമല്ല.

നെടുങ്കണ്ടം പോലീസ് സ്റ്റേഷനിലുണ്ടായ ക്രൂരമായ കൊലപാതകം നമ്മുടെ നീതിന്യായ വ്യവസ്ഥയുടെ ഏറ്റവും അറപ്പുളവാക്കുന്ന മറ്റൊരു മുഖമാണ് വ്യക്തമാക്കുന്നത്. മർദ്ദനമുറകൾക്ക് ആഗോളതലത്തിൽ കുപ്രസിദ്ധി നേടിയ ഗ്വാണ്ടനാമോ തടവറകളിലെ ക്രൂരതകളെ പോലും നാണിപ്പിക്കുന്ന നിലയിലുള്ള ക്രൂരമായ മർദ്ദനമുറകളാണ് നെടുങ്കണ്ടം പോലീസ് സ്റ്റേഷനിലുണ്ടായത്. നീതിന്യായ വിചാരണകളുടെ ജനാധിപത്യ ഇടങ്ങളാകേണ്ട പോലീസ് സ്റ്റേഷനുകൾ കൊലയറകളാകുന്നത് ഇതാദ്യമല്ല. അടിയന്തിരാവസ്ഥക്കാലത്തെ പോലീസ് നരനായാട്ടിനിടയിൽ ഉരുട്ടിക്കൊല ചെയ്യപ്പെട്ട രാജന്റെ ഭൗതികദേഹം പോലും കാണാനുള്ള അവസരം ആ കുടുംബത്തിന് നിഷേധിക്കപ്പെട്ടു. മകന് നീതികിട്ടാൻ ഉഴറിനടന്ന് മരിച്ച ഈശ്വരവാര്യരുടെ ആത്മാവ് ഇപ്പോഴുമിവിടെ അലഞ്ഞുതിരിയുന്നുണ്ടാവും.

അപരിഷ്കൃതമായ പോലീസ് രാജിന് കുപ്രസിദ്ധമായ ഉത്തരേന്ത്യൻ അവസ്ഥകളെപ്പോലും ലജ്ജിപ്പിക്കുന്ന നിലയിലാണ് കേരളത്തിലെ പോലീസ് സ്റ്റേഷനുകളിൽ മൂന്നാംമുറ പ്രയോഗങ്ങൾ നടക്കുന്നത്. ഒറ്റപ്പെട്ട സംഭവങ്ങളെന്ന് ആവർത്തിച്ചു പറഞ്ഞുകൊണ്ടിരിക്കുന്നതല്ലാതെ ലോക്കപ്പ് കൊലപാതകങ്ങൾ അവസാനിപ്പിക്കാൻ വേണ്ട ശക്തമായ ഒരു നടപടിയും ഭരണകൂടത്തിന്റെ ഭാഗത്തു നിന്നുണ്ടാകുന്നില്ലെന്നത് ഖേദകരമായ യാഥാർത്ഥ്യമാണ്. തൊണ്ടിമുതൽ കണ്ടെത്താനും അതിലൊരോഹരി കൈക്കലാക്കാനും വേണ്ടി നാലുദിവസം നടത്തിയ അതിഭയാനകമായ മർദ്ദനരീതികൾ മനുഷ്യമനഃസാക്ഷി മരവിപ്പിക്കുന്നതാണ്. കൊലചെയ്യപ്പെട്ട കോലാഹലമേട്ടിലെ രജത് കുമാർ എന്തെങ്കിലും സാമ്പത്തിക തിരിമറികളിൽ പങ്കാളിയായിട്ടുണ്ടെങ്കിൽ അതിന് തെളിവുകളുടെ അടിസ്ഥാനത്തിൽ ശിക്ഷ വിധിക്കേണ്ടത് കോടതിയാണ്. പല്ലുകൾ അടിച്ചുകൊഴിച്ചും വാരിയെല്ലുകൾ ചവിട്ടിയൊടിച്ചും മൃതപ്രായനായ മനുഷ്യജീവിക്ക് അന്ത്യസമയത്തുപോലും ഒരിറക്കു ജലം കൊടുക്കാത്ത പോലീസുകാർ മനുഷ്യർ തന്നെയാണോ? നരാധമന്മാരായ ഇത്തരം പോലീസുകാരെ ഓർത്ത് കേരളം ലജ്ജിച്ച് തലതാഴ്ത്തുകയാണ്.

തിരിച്ചു ചോദിക്കാനാളില്ലാത്തവന്റെ മേൽ എന്തധികാരവും നടപ്പാക്കാമെന്നതാണ് പോലീസ് നയം. ഇതിന് അറിഞ്ഞോ അറിയാതെയോ കൂട്ടുനിന്ന മജിസ്ട്രേട്ടും ഡോക്ടറും പോലീസ് സർജന്മാരുമൊക്കെ നമ്മുടെ ദുഷിച്ചുനാറിയ വ്യവസ്ഥിതിയിലെ ചിരപരിചിതരായ കഥാപാത്രങ്ങൾ മാത്രം. മൃഗീയ മർദ്ദനരീതികൾക്ക് നിർദ്ദേശം നൽകിയ പോലീസ് മേധാവികളെ ന്യായീകരിക്കാതെ മന്ത്രിപുംഗവനും ഭരണകൂടവുമൊക്കെ കണ്ണുതുറന്ന് യാഥാർത്ഥ്യം കാണാൻ തയ്യാറാവണം. ചങ്ങലയ്ക്കു ഭ്രാന്തുപിടിച്ച ഈ വ്യവസ്ഥിതി മാറിയേ മതിയാകൂ. അതിനിനിയും എത്ര അമ്മമാർ മക്കളെ ബലി നൽകേണ്ടിവരും? എത്ര ഭാര്യമാർ ജീവിതകാലം മുഴുവൻ വൈധവ്യത്തിന്റെ കനൽപ്പാതകൾ താണ്ടേണ്ടിവരും? എത്ര കുഞ്ഞുങ്ങൾ പിതൃശൂന്യതയുടെ വേദനയുണ്ട് വളരേണ്ടിവരും? ഏതായാലും കാലം കണക്കു ചോദിക്കാതിരിക്കില്ലെന്ന് സമാശ്വസിക്കാനേ തൽക്കാലം നമുക്ക് വഴിയുള്ളൂ.

(MIP)

കാൽപാടുകൾ-31

ഫാ. ജോണി ജോർജ്
കോർ-എപ്പിസ്കോപ്പാ

# ഓർത്തഡോക്സ് ആരാധന



**ദൈവത്തെ പിതാവായി അംഗീകരിക്കുകയും നമ്മൾ ദൈവമക്കളായി ദൈവ സന്നിധിയിൽ ആയിരിക്കുകയും ചെയ്യുന്നതാണ് യഥാർത്ഥമായ ആരാധന.**

‘ഓർത്തഡോക്സ്’ എന്ന വിശേഷണം ‘ആരാധന’യെ സൂചിപ്പിക്കുന്നതാണ്. ശരിയായ വിശ്വാസത്തേയും (right belief) ശരിയായ ആരാധനയേയും (right worship) അത് സൂചിപ്പിക്കുന്നു. സഭ ഒരു ആരാധനാസമൂഹമാണ് (worshipping community). വിശ്വാസ സത്യങ്ങൾ (dogmas) ബുദ്ധിപരമായ വിശകലനം നൽകി, വിശ്വാസത്തിന് ആധാരമെന്ന പരിവേഷം കൊടുത്ത്, പുരോഹിതവർഗ്ഗം വിശ്വാസിസമൂഹത്തിന് പറഞ്ഞുകൊടുത്ത് വിശ്വസിപ്പിക്കുന്ന ചില കാര്യങ്ങളല്ല; മറിച്ച്, ഭൂമിയിലെ കാര്യങ്ങൾ സ്വർഗ്ഗീയ രഹസ്യങ്ങളുമായി ബന്ധപ്പെടുത്തി ആരാധനയിൽക്കൂടി വെളിവാക്കപ്പെടുന്നവയാണ്. അതുകൊണ്ട് സഭ എന്നത് വിശ്വാസികളുടെ കേവലം ഒരു കൂട്ടം മാത്രമല്ല; ആരാധനാജീവിതത്തെ അടിസ്ഥാനമാക്കിയുള്ള മതമായാണ് (liturgical religion) വിവക്ഷിക്കപ്പെടുന്നത്. ദൈവത്തെ അറിഞ്ഞും അവനിൽ വിശ്വസിച്ചും ആരാധിക്കുന്ന സൃഷ്ടികളാണ് മനുഷ്യർ (liturgical creatures). സ്വന്ത ആളത്വത്തിന്റെ പൂർണ്ണത ആരാധനയിൽ കൂടി മാത്രമേ കൈവരിക്കാനാവുകയുള്ളൂ. കല, സംഗീതം, സാഹിത്യം എന്നിവയെല്ലാം ഇതിന്റെ പ്രതിഫലനമായി ഉണ്ടാകുന്നവയാണ്. ഈയൊരു ആവിഷ്കാരമാണ് ആരാധനയ്ക്ക് ഊടും പാവും നൽകുന്നതും അതിനെ മനോഹരമാക്കിത്തീർക്കുന്നതും.

റഷ്യയിൽ സഭാവിശ്വാസം പ്രചരിപ്പിച്ചത് കീവിലെ ചക്രവർത്തിയായിരുന്ന വ്ളാഡിമിർ (Vladimir) ആയിരുന്നു. ശരിയായ മതം ഏതെന്ന് കണ്ടെത്തുവാൻ അക്രൈസ്തവനായ അദ്ദേഹം ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ദൂതന്മാരെ അയച്ചു. കോൺസ്റ്റാന്റിനോപ്പിളിലെത്തിയ ദൂതസംഘം വിശുദ്ധ ജ്ഞാനത്തിന്റെ (Holy Wisdom) വലിയ പള്ളിയിലെത്തി. അവർ അവിടത്തെ ആരാധനയിൽ പങ്കെടുത്തപ്പോൾ അഭൗമികമായ ഒരു ആത്മീയാനുഭവം അവർക്കുണ്ടായി. അതവരെ അത്ഭുതപരതന്ത്രരാക്കി. തങ്ങൾ തന്നെ സ്വർഗ്ഗത്തോളം ഉയർത്തപ്പെട്ടതായി അവർക്ക് അനുഭവപ്പെട്ടു. അവർ രാജാവിനെ അറിയിച്ചു: “സ്വർഗ്ഗവും ഭൂമിയും ഒന്നിക്കുന്നത് ഞങ്ങൾ കണ്ടു. ഇതുപോലൊന്ന് മറ്റൊരിടത്തും കണ്ടിട്ടില്ല. ആ ആരാധനയുടെ ഭംഗിയും മഹത്വവും ഒരിക്കലും വിസ്മരിക്കുകയില്ല”. ഈ സംഭവമായിരുന്നു ചക്രവർത്തിയെ ഓർത്തഡോക്സ് വിശ്വാസിയാക്കിയതും രാജ്യത്തിന്റെ മതമായി ഓർത്തഡോക്സ് സഭ പ്രഖ്യാപിക്കപ്പെട്ടതും.

കോൺസ്റ്റാന്റിനോപ്പിളിലെ വി. ജ്ഞാന ത്തിന്റെ വലിയ പള്ളിയിൽ എ.ഡി. 612– ൽ 80 പുരോഹിതന്മാരും 150 ഡീക്കന്മാരും 40 ഡീക്കനെസ്മാരും 70 സബ് ഡീക്കന്മാരും 160 കോറൂയന്മാരും (readers) 100 ഡോർ കീപ്പർമാരും ഉണ്ടായിരുന്നുവത്രെ. ഇവരും മറ്റു വിശ്വാസികളും ചേർന്ന് നടത്തിയിരുന്ന ആരാധന എത്ര മനോഹരവും ഗംഭീരവു മായിരുന്നിരിക്കണം! ഇങ്ങനെയുള്ള ഒരു ആരാധനയാണ് വ്ളാഡിമിറിനെ സ്വാധീനി ച്ചത്.

ആരാധന (worship) എന്നതിന്റെ ഏറ്റവും ചെറിയ ഒരു നിർവ്വചനം "worship is worthship'' എന്നാണ്. ദൈവത്തെ പിതാ വായി അംഗീകരിക്കുകയും നമ്മൾ ദൈവ മക്കളായി ദൈവസന്നിധിയിൽ ആയിരിക്കു കയും ചെയ്യുന്നതാണ് യഥാർത്ഥമായ ആരാധന. ഒരർത്ഥത്തിൽ അത് ഒരു കുടും ബകാര്യമാണ് (family affair). സ്വർഗ്ഗ ത്തിലെ പിതാവിനെ 'ഞങ്ങളുടെ പിതാ വായി' (Our Father) സ്വീകരിച്ച് പ്രാർത്ഥി ക്കാനാണ് കർത്താവ് നമ്മെ പഠിപ്പിച്ചത്. ദൈവത്തോടും മനുഷ്യരോടും ഒന്നു പോലെ ബന്ധപ്പെട്ടതാണ് യഥാർത്ഥമായ ആരാധന. വി. കുർബാന (വി. ബലി, Holy Mystery) ആരാധനയുടെ രാജ്ഞിയാണ്. ഒരു ബലിപീഠം, ഒറ്റബലി, ഒരേ സാന്നിദ്ധ്യം (one altar, one sacrifice, one presence) ഇതിൽ പങ്കെടുക്കുന്നത് മക്കളെന്ന സ്വാത ന്ത്ര്യത്തോടെ. ഇവിടെ യാഗം അർപ്പിക്കു ന്നവൻ ദൈവമാണ്. യാഗവസ്തു ദൈവ മാണ്. യാഗം സ്വീകരിക്കുന്നതും ദൈവമാ ണ്. സംബന്ധിക്കുന്നവർ അതിന്റെ അംശി കളായിത്തീരുന്നു. പുരോഹിതനും ശുശ്രൂ ഷകനും ജനവും ഒന്നിച്ചാണ് വി. ബലി അർപ്പിക്കുന്നത്. ത്രിത്വം ഒന്നായിരിക്കുന്ന തുപോലെ 'ജന'വും (laos - വിശ്വാസ സമൂഹം) ഒന്നായിത്തീരുന്നു. ഇതൊരു വലിയ രഹസ്യമാണ് (mystery); ദൈവപു ത്രന്റെ മനുഷ്യാവതാരം ഒരു വലിയ രഹ സ്യമായിരിക്കുന്നതുപോലെ.

എല്ലാ ഓർത്തഡോക്സ് ദേവാലയ ങ്ങളുടെയും നിർമ്മാണത്തിൽ സ്വർഗ്ഗവും ഭൂമിയും വ്യത്യസ്തമായി ചിത്രീകരിക്കപ്പെ ടുന്നു. അതേ സമയം അവ ഒന്നായിച്ചേർന്ന് നിലനിൽക്കുകയും ചെയ്യുന്നു. ബലിപീഠ ത്തിലെ സംവിധാനങ്ങളും ഉപയോഗി ക്കുന്ന വസ്തുക്കളും വ്യത്യസ്ത രീതിയി ലുള്ള നിറങ്ങളും ചിത്രപ്പണികളും ഐക്ക ണുകളും (icons) ഇക്കാര്യം വ്യക്തമാക്കു ന്നവയാണ്. 'പ്രകൃതി' മുഴുവൻ ഉൾപ്പെടുന്ന ഒരു വലിയ സംഭവം (Great Event) ആണ് ഓരോ ആരാധനയും (Liturgy). ധൂപാർപ്പ ണവും മണിയടിയുടെ ഗംഭീര ശബ്ദവും മനുഷ്യഹൃദയങ്ങളെ സ്വർഗ്ഗത്തോളം ഉയർത്തുന്നു; സ്വർഗ്ഗം മനുഷ്യമദ്ധ്യത്തി ലേക്ക് താണിറങ്ങിവരുന്നു. എല്ലാ ഓർത്ത ഡോക്സ് ആരാധനകളിലും ആരാ ധനാസമൂഹം ഹൃദയം തുറന്ന് ഉച്ചരിക്കുന്ന ഒരു വാക്കുണ്ട്: കുറിയേലായിസ്സോൻ (കർത്താവേ! കരുണയുണ്ടാകണമേ–Lord have mercy - Kyrie eleison (Greek); Gospodi pomilui (Russian). കുരിശുവര യ്ക്കുന്ന ഓരോ സന്ദർഭവും കർത്താവിന്റെ കഷ്ടാനുഭവത്തിലേക്ക് നമ്മുടെ മനസ്സിനെ നയിക്കുന്നതുമാണ്.

അടുത്തതിൽ:
**കൂദാശാനുഷ്ഠാനങ്ങൾ ഓർത്തഡോക്സ് പാരമ്പര്യത്തിൽ**

പ്രൊഫ. എം. വൈ. യോഹന്നാൻ



# പരിശുദ്ധാത്മ നിറവ്

ആത്മവിവശത ആത്മനിറവാണ്. അത് സ്നേഹത്തിന്റെ നിറവാണ്. നിഷ്കളങ്കസ്നേഹം. ഉപാധിയില്ലാത്ത സ്നേഹം. പ്രതിഫലം ഒന്നും ഇച്ഛിക്കാത്ത സ്നേഹം. ക്രിസ്തു ക്രൂശിൽ വെളിപ്പെടുത്തിയ പരിശുദ്ധസ്നേഹം.

പരിശുദ്ധമായ സ്നേഹത്തിൽ നിറയുന്നതാണ് ആത്മവിവശതയിലേക്ക് എത്തിക്കുന്നത്. പരിശുദ്ധാത്മാവിന്റെ നിറവ് പ്രാപിക്കുക എന്നത് ഒരു മഹാഭാഗ്യമാണ്. ഞാൻ എന്ന 'സ്വയം' (Self) ഇല്ലാതായി ക്രിസ്തു മാത്രമായി ജീവിതം മാറുമ്പോഴാണ് ആത്മവിവശത ഉണ്ടാകുന്നത്. അപ്പോൾ ഭൗതികമായത് എല്ലാം മറക്കുന്നു. ക്രിസ്തുകേന്ദ്രീകൃതമായ ചിന്തകൾ മാത്രം പുലരുന്നു. ക്രിസ്തുവിനെ എങ്ങനെയെല്ലാം പ്രസാദിപ്പിക്കാൻ സാധിക്കും എന്ന ഏക ലക്ഷ്യം കൈവരിക്കുമ്പോഴാണ് ആത്മവിവശത ലഭിക്കുന്നത്.

തോമസ് ആൽവാ എഡിസൻ സകലവും മറന്ന് നിരീക്ഷണ ഗവേഷണ പഠനങ്ങൾ നടത്തിയാണ് 500-ലേറെ കണ്ടുപിടിത്തങ്ങൾ നേടിയത്. കഠിനാദ്ധ്വാനത്തിന്റെ മൂർത്തിമദ്ഭാവമായിരുന്നു അദ്ദേഹം. ഒരിക്കൽ ഒരു മഹതി തന്റെ മകനുവേണ്ടി ഒരു കൊച്ചു വാചകം എഴുതിക്കൊടുക്കുവാൻ അദ്ദേഹത്തോട് ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം കൊടുത്ത വാചകം: "Never look at a clock " (ഒരിക്കലും ഒരു ഘടികാരത്തെ നോക്കരുത്). അദ്ദേഹം അർത്ഥമാക്കിയത് സമയം നോക്കാതെ നിരന്തരം കഠിനാദ്ധ്വാനം ചെയ്യുക എന്നായിരുന്നു.

എഡിസന്റെ അനേകം കണ്ടുപിടിത്തങ്ങളുടെ ഈറ്റില്ലമായ ലാബറട്ടറി കത്തിക്കൊണ്ടിരുന്നത് അദ്ദേഹം മനംപതറാതെ നോക്കിക്കൊണ്ടുനിന്നു. ഉയർന്നുയർന്ന് പൊങ്ങുന്ന തീനാളങ്ങൾ കണ്ടിട്ട് അദ്ദേഹം മകനോട് പറഞ്ഞു: "നീ വേഗം നിന്റെ അമ്മയെ വിളിച്ചുകൊണ്ടുവരിക. ഇതുപോലൊരു കാഴ്ച മേലാൽ കാണുമെന്ന് പ്രതീക്ഷിക്കണ്ട." ഏതൊരു നഷ്ടത്തിലും മനമുരുകാതെ, ചാഞ്ചല്യമേശാതെ നിൽക്കാൻ സാധിച്ചത് പരിശുദ്ധാത്മ നിറവുള്ളതുകൊണ്ടാണ്.

ഇരുപത്തിനാലാമത്തെ വയസ്സിൽ 'Law of Gravity' കണ്ടുപിടിച്ച സർ ഐസക് ന്യൂട്ടൻ ഒരിക്കൽ പറഞ്ഞു, "ഞാൻ വിവാഹം കഴിക്കുന്ന കാര്യം മറന്നുപോയി" എന്ന്. ശാസ്ത്രീയ ഗവേഷണങ്ങളുടെ ബദ്ധപ്പാടിൽ സ്വന്തം ജീവിതംപോലും മറന്ന് പ്രവർത്തനനിരതനായ ഐസക് ന്യൂട്ടന്റെ ജീവിതം കഠിനാദ്ധ്വാനത്തിന്റെ നിദർശനമായിരുന്നു.

തോമസ് കാർലൈൽ എഴുതിയ 'French Revolution,' ഇംഗ്ലീഷ് ഗദ്യസാഹിത്യത്തിലെ ഒരു പ്രൗഢോജ്ജ്വല കൃതിയാണ്. ഏറെക്കാലത്തെ നിസ്തന്ദ്രയത്നമാണ് ആ ഗ്രന്ഥരചനയുടെ പിന്നിൽ. ആ ഗ്രന്ഥരചനയ്ക്കുവേണ്ടി അനേകം സ്ഥലങ്ങൾ സന്ദർശിക്കുകയും കഷ്ടപ്പെടുകയും ചെയ്തു. ആ പുസ്തകത്തിന് ഒരു അവതാരിക എഴുതിക്കിട്ടുവാൻ വേണ്ടി പ്രശസ്ത പണ്ഡിതനും മഹാനുമായ ജെയിംസ് സ്റ്റുവാർട്ട് മില്ലിനെ കൈയെഴുത്തു പ്രതി ഏല്പിച്ചു. മുറി അടിച്ചു തൂത്തുവാരിയ വേലക്കാരി ചപ്പു ചവറുകളുടെ കൂട്ടത്തിലൊന്നാണെന്ന് കരുതി അത് കത്തിച്ചു കളഞ്ഞു.

ഇതറിഞ്ഞപ്പോൾ തോമസ് കാർലൈൽ അതിദു:ഖിതനായി, നിരാശയ്ക്കടിമപ്പെട്ട്, ഒന്നും ചെയ്യാനാകാതെ വിഷാദവിവശനായി ഇരുന്നു. അപ്പോഴാണ് ഒരു ഉയർന്ന കെട്ടിടം പണിയുന്നത് അദ്ദേഹം ജനലിൽക്കൂടെ കണ്ടത്. ഇഷ്ടികകൾ ഓരോന്നോരോന്നായി അടുക്കി വച്ച് പണിയുന്നത് അദ്ദേഹം കണ്ടു. നിരാശപ്പെടാതെ ഓരോ പേജും എഴുതി ആ ഗ്രന്ഥം പൂർത്തീകരിക്കാൻ അദ്ദേഹം വീണ്ടും പരിശ്രമം

ആരംഭിച്ചു. അങ്ങനെയാണ് ആ മഹത്തായ സാഹിതീയ സൗധം വിശ്വസാഹിത്യത്തിന് സംപ്രാപ്തമായത്.

സർ റൊണാൾഡ് റോസ്, മലേറിയായുടെ മൂല കാരണം കണ്ടുപിടിച്ച ശാസ്ത്രജ്ഞനാണ്. അഹോരാത്രം കഠിനാദ്ധ്വാനം ചെയ്താണ് ആ മഹത്തായ കണ്ടുപിടിത്തം സാധിച്ചെടുത്തത്. രണ്ടായിരത്തോളം കൊതുകുകളെ പലയിടങ്ങളിൽ നിന്നായി ശേഖരിച്ച് മൈക്രോസ്കോപ്പിലൂടെ പരീക്ഷണം നടത്തി. എന്നാൽ അദ്ദേഹം സൂക്ഷിച്ചിരുന്ന കൊതുകുകൾ പലതും ചത്തുപോയി. പക്ഷേ നിരാശപ്പെട്ടില്ല; മലേറിയ പരത്തുന്ന അനോഫിലിസ് കൊതുകുകളെ അദ്ദേഹം കണ്ടെത്തി. മനം പതറാതെ, ഉള്ളം തളരാതെ, കഠിനയത്നം ചെയ്താണ് ശാസ്ത്രലോകത്തിന് എക്കാലത്തും മികവുറ്റ സംഭാവനയായ കണ്ടുപിടിത്തം സർ റൊണാൾഡ് റോസ് നേടിയത്.

ആദികവിയായ വാല്മീകി മഹർഷിയെക്കുറിച്ച് രസകരവും അതേസമയം വിജ്ഞേയവുമായ ഒരു കഥയുണ്ട്. ഒരു സമയത്ത് അദ്ദേഹം കൊള്ളക്കാരനായ ഒരു കാട്ടാളനായിരുന്നു. യാത്രക്കാരെ പിടിച്ചുപറിച്ചും പാവപ്പെട്ട കർഷകരെ കൊള്ളയടിച്ചും അയാൾ ജീവിച്ചുപോന്നു. ഒരിക്കൽ സപ്തർഷികളെ അദ്ദേഹം കണ്ടുമുട്ടി. അവരെയും ആക്രമിക്കാനടുത്ത ആ കാട്ടാളനോട് സപ്തർഷികൾ ചോദിച്ചു: " നീ ഈ കഠോരകൃത്യങ്ങൾ ചെയ്ത് നേടുന്ന ശിക്ഷയ്ക്ക് നിന്റെ ഭാര്യയോ മക്കളോ പങ്കാളികളാകുമോ?" ആ കവർച്ചക്കാരന് ഒരു പുതിയ തിരിച്ചറിവായിരുന്നു അത്. അദ്ദേഹം ഭാര്യയോടും മക്കളോടും ചോദിച്ചു: "ക്രൂരകൃത്യമെല്ലാം ഞാൻ ചെയ്യുന്നു; ഈ ഘോരപാതകങ്ങളുടെ ഫലം നിങ്ങൾ ഏറ്റെടുക്കുമോ?" ഭാര്യ ഉടൻ തന്നെ മറുപടി പറഞ്ഞു: "ഓരോരുത്തരും ചെയ്യുന്ന പാപത്തിന്റെ പരിണിതഫലം അവരവർ തന്നെ അനുഭവിക്കേണ്ടി വരും. അതിൽ ആർക്കും പങ്കുചേരാൻ സാധിക്കയില്ല."

ഇത് അവന്റെ മനസ്സിൽ പുതിയ ചിന്തയ്ക്ക് വഴിയൊരുക്കി. ഒരു വലിയ മനംമാറ്റം അവനിലുണ്ടായി. അങ്ങനെയാണ് കാട്ടാളൻ തപസ്സിന് ഒരുങ്ങിയത്. തപോനിരതനായി വർഷങ്ങൾ ഇരുന്ന അദ്ദേഹത്തിന്റെ ചുറ്റും ചിതൽപ്പുറ്റ് ഉണ്ടായി എന്നാണ് ഐതിഹ്യം. ചിതൽപ്പുറ്റ് പൊട്ടിച്ച് ചെന്നപ്പോൾ കണ്ടത്, കാടനും വേടനുമായിരുന്ന ആ മനുഷ്യൻ ജഗദീശ്വരചൈതന്യം ലഭിച്ച ഒരു താപസശ്രേഷ്ഠനായിത്തീർന്നുവെന്നതാണ്. വാല്മീകത്തിൽ നിന്ന് (ചിതൽപ്പുറ്റിൽ നിന്ന്) ഉളവായതുകൊണ്ട് അദ്ദേഹം വാല്മീകിയായി. ശോകം ശ്ലോകമായി ആദികാവ്യമായ 'രാമായണം' ഉണ്ടായി.

മാനസാന്തരം ഒരു ആരംഭം മാത്രമാണ്. എന്നാൽ പിറന്ന ശിശുവിന് പാൽ കൊടുത്ത് വളർത്തുന്നതുപോലെ വീണ്ടും ജനിച്ച വ്യക്തി വചനം എന്ന മായമില്ലാത്ത പാൽ കുടിച്ച് വളരണം. തളരാത്ത മനസ്സും മടുത്തുപോകാത്ത യത്നവും വളർച്ചയുടെ പടവുകളിൽ എത്തിയാണ് ഒരാൾ കരുത്തുറ്റ വ്യക്തിയായിത്തീരുന്നത്. നിരന്തരം പ്രാർത്ഥനയും ധ്യാനവും മൂലം തന്നെത്തന്നെ കണ്ടെത്തി ശൂന്യവത്ക്കരിക്കുമ്പോഴാണ് ആത്മനിറവിൽ എത്തുന്നത്. ആ അനുഭവമാണ് ആത്മവിവശതയിലേക്ക് നയിക്കുന്നത്.

*"കർത്തൃദിവസത്തിൽ ഞാൻ ആത്മവിവശനായി." (വെളിപ്പാട് 1 : 10)*

അപ്പൊസ്തലനായ യോഹന്നാൻ ദൈവവചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം പത്മൊസ് എന്ന ദ്വീപിൽ നാടുകടത്തപ്പെട്ടവനായി കഴിയുമ്പോൾ തന്റെ ജീവിതത്തിൽ ലഭിച്ച ഒരനുഭവം പറയുകയാണ്: "കർത്തൃദിവസത്തിൽ, കർത്താവ് ഉയിർത്തെഴുന്നേറ്റ ദിവസത്തിൽ ഞാൻ ആത്മവിവശനായി."

ആത്മവിവശത ആത്മനിറവാണ്. അത് സ്നേഹത്തിന്റെ നിറവാണ്. നിഷ്കളങ്കസ്നേഹം. ഉപാധിയില്ലാത്ത സ്നേഹം. പ്രതിഫലം ഒന്നും ഇച്ഛിക്കാത്ത സ്നേഹം. ക്രിസ്തു ക്രൂശിൽ വെളിപ്പെടുത്തിയ പരിശുദ്ധസ്നേഹം.

ആ സ്നേഹത്തിലേക്ക് നാം എത്തിച്ചേരുമ്പോഴാണ് ക്രിസ്തുവിന്റെ ഭാവം ഉള്ളവരായിത്തീരുന്നത്.

*"വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്തും അവൻ മുഖാന്തരം പിതാവായ ദൈവത്തിന് സ്തോത്രം പറഞ്ഞും കൊണ്ടിരിപ്പിൻ." (കൊലൊസ്സ്യർ 3 :17)*

◎

*സാമൂഹ്യദർശനം*

പ്രൊഫ. എം. തോമസ് മാത്യു

# ആസക്തികളുടെ ഉത്സവകാലം



യവന തത്ത്വചിന്തകനായ സോക്രട്ടീസിന് അരിസ്റ്റിപ്പസ് എന്നു പേരായ ഒരു ശിഷ്യനുണ്ടായിരുന്നു. അതിവിചിത്രമായ ഒരു ചിന്തയുടെ പ്രണേതാവ് എന്ന നിലയ്ക്കാണ് അദ്ദേഹം പ്രസിദ്ധിയോ കുപ്രസിദ്ധിയോ ആർജ്ജിച്ചത്. ആകർഷകമായ ലാളിത്യത്തോടുകൂടി അദ്ദേഹം പറഞ്ഞു: "അഭിലാഷമുണ്ടെങ്കിൽ അത് നിറവേറ്റാനുള്ള അവകാശവും ഉണ്ട്." ഈ സിദ്ധാന്തത്തെ ഏതു യുക്തിയുടെ പിൻബലത്തോടെയാണ് അദ്ദേഹം സമർപ്പിക്കുന്നതെന്ന് ഞാൻ വായിച്ചിടത്തൊന്നും കാണുന്നില്ല. തത്ത്വചിന്തയുടെ ചരിത്രം അദ്ദേഹത്തെ കാര്യമായി ഗൗനിക്കാതെ വിട്ടതാകാം; ഇത്രയും ലളിതമായ കാര്യങ്ങൾ തത്ത്വചിന്തകന്മാരെ ഉദാസീനരാകാൻ പ്രേരിപ്പിച്ചതുമാകാം കാരണം. സരളമായ ഏതു കാര്യത്തിലാണ് തത്ത്വചിന്തക്ക് കൗതുകം? ഗഹനവും സങ്കീർണ്ണവുമായ കാര്യങ്ങളെ പെട്ടെന്നു പിടിതരാത്ത രീതിയിൽ പ്രതിപാദിക്കുന്നതിൽ രസം കണ്ടെത്തുകയും, ചിന്തയുടെ രാവണൻകോട്ടകൾ നിർമ്മിച്ച് അതിൽ അകപ്പെട്ടുപോയവരെ വശംകെടുത്തുകയും ചെയ്യുന്നതാണല്ലോ അതിന്റെ വിനോദം. അതുകൊണ്ട് തത്ത്വചിന്ത അരിസ്റ്റിപ്പസിനെ വെറുതെ വിട്ടു.

എങ്കിലും അരിസ്റ്റിപ്പസിന്റെ യുക്തി നമുക്ക് ഊഹിച്ചെടുക്കാം. നമ്മുടെ ഈ ശരീരവും മനസ്സും അവയുടെ കാമനകളും വികാരങ്ങളും നമ്മളാരും അപേക്ഷ കൊടുത്ത് സ്വായത്തമാക്കിയതല്ല. നമ്മുടെ ഇച്ഛയോ സമ്മതമോ കൂടാതെ അതെല്ലാം ഉണ്ടായി. അപ്പോൾ അഭിലാഷങ്ങൾ എവിടെനിന്നു വന്നു? നമ്മുടെ സൃഷ്ടിയല്ല അവ; നമ്മുടെ വരുതിയിലുമല്ല അവ. വിശപ്പുണ്ടാകണമെന്ന് നാം ആഗ്രഹിച്ചിട്ടാണോ നമുക്ക് ഇടയ്ക്കിടെ വിശപ്പുണ്ടാകുന്നത്? ദാഹത്തിന്റെ കാര്യവും അങ്ങനെതന്നെ. തനിക്ക് ചിലതെല്ലാം ആവശ്യമായിരിക്കുന്നു, വിത്തെടുത്തു കുത്തേണ്ടെങ്കിൽ വേണ്ടത് എത്തിച്ചു കൊടുക്കണം, എന്ന ശരീരത്തിന്റെ അറിയിപ്പാണ് അത്. ആ അറിയിപ്പ് വരുമ്പോൾ ആവശ്യപ്പെട്ടതു കൊടുക്കാനുള്ള സംവിധാനം ഇണക്കിയിട്ടാണ് സൃഷ്ടിയെ ഉണ്മയിലേക്ക് - ഉണ്ടായിരിക്കുക എന്ന അവസ്ഥയിലേക്ക് - പറഞ്ഞയച്ചിരിക്കുന്നത്. വിശക്കുന്നവന്റെ അവകാശമാണ് ഭക്ഷണം; ദാഹിക്കുന്നവന്റെ അവകാശമാണ് ജലം. ഈ തത്ത്വത്തെ എല്ലാ അഭിലാഷചിന്തകളോടും അന്വയിക്കുക മാത്രമാണ് അരിസ്റ്റിപ്പസ് ചെയ്തതെന്ന് വാദിക്കാം.

വാദിക്കാനും തർക്കിക്കാനും നില്ക്കാതെ ഈ ഹിതോപദേശത്തെ യഥേഷ്ടം നടപ്പിലാക്കിയ ഒരു കൂട്ടർ എല്ലാക്കാലത്തും ഉണ്ടായിരുന്നു എന്ന് എറിക് ഫ്രോം ഒരിടത്ത് എഴുതിയിട്ടുണ്ട്. സമൂഹത്തിലെ വരേണ്യവർഗ്ഗമായ പ്രഭുക്കന്മാരുടെ ജീവിതം നോക്കിയാലറിയാം, ആശിച്ചതെല്ലാം അധീനമാക്കി അവർ ജീവിതം ആഘോഷമാക്കുകയായിരുന്നു. മോഹിച്ചതെല്ലാം അവർ സ്വന്തമാക്കി; ഒന്നും അവർ വേണ്ടെന്നു വച്ചില്ല. അവരുടെ ദൃഷ്ടിയിൽ മറ്റുള്ളവർ തങ്ങളുടെ മോഹത്തിനും അതിന്റെ നിറവേറലിനുമുള്ള ഉപകരണങ്ങൾ മാത്രമായിരുന്നു. അവർ അടിമകൾ, തമ്പ്രാന്റെ ഇംഗിതങ്ങൾ അപ്പപ്പോൾ സാധിച്ചുകൊടുക്കേണ്ട അടിമകൾ!

ഈ അടിമകൾക്കും അടിമകളെപ്പോലെ ഉള്ളവർക്കും തങ്ങളെപ്പോലെ - അത്ര കവിഞ്ഞ അളവിലല്ലെങ്കിലും - ആവശ്യങ്ങളും അഭിലാഷങ്ങളും ഉണ്ടാകാമെന്നോ അവ കുറഞ്ഞതോതിലെങ്കിലും നിറവേറ്റിയില്ലെങ്കിൽ അവരുടെ നിലനില്പ് അസാദ്ധ്യമായിത്തീരുമെന്നോ ചിന്തിക്കാനുള്ള ബാദ്ധ്യത പ്രഭുക്കന്മാർ ഏറ്റെ

ടുക്കുന്നത് വിരളമാണ്. വിശന്നുപൊരിഞ്ഞ് ഞങ്ങൾക്കു റൊട്ടി ഇല്ല എന്നു നിലവിളിച്ചെത്തിയ ജനാവലിയോട് റൊട്ടിയില്ലെങ്കിൽ കേക്കു ഭക്ഷിക്കൂ എന്ന് വിളിച്ചു പറയുകയും വെഴ്സായി കൊട്ടാരത്തിന്റെ (Palace of Versailles) മട്ടുപ്പാവിൽനിന്നുകൊണ്ട് ഒരു റൊട്ടി ഉതിർത്ത് വിതറിക്കൊടുക്കുകയും ചെയ്ത കഥ ചരിത്രത്തിലെ ക്രൂരഫലിതങ്ങളിൽ ഏറ്റവും മുന്തിയ ഒന്നാണ്. ലൂയി പതിനാറാമാൻ വധിക്കപ്പെട്ടപ്പോൾ പാരീസിലെ ജനങ്ങൾ മൂക്കുമുട്ടെ കുടിച്ച് ആ മരണം ആഘോഷിച്ചത് ഈ ക്രൂരഫലിതത്തിനുള്ള മറുപടി ആയിരുന്നു.

സംഗതി അതല്ല. എല്ലാ അഭിലാഷങ്ങളും നിറവേറ്റാൻ കഴിയുകയാണ് ജീവിതത്തിന്റെ സന്തോഷവും അർത്ഥവും എന്ന ചിന്തക്ക് മനുഷ്യമനസ്സിൽ വളരെ ആഴത്തിൽ വേരുകളുണ്ട്. സാമ്പത്തിക ശാസ്ത്രത്തിന്റെ ആദ്യപാഠം മനുഷ്യന്റെ അഭിലാഷങ്ങൾക്ക് അതിരില്ലെന്നാണല്ലോ. ഒപ്പം വരുന്നു രണ്ടാമത്തെ പാഠം : അഭിലാഷങ്ങൾ നിറവേറ്റാനുള്ള വിഭവങ്ങൾക്ക് പരിമിതിയുണ്ട്. ഈ പരിമിതിയെ എങ്ങനെ മറികടക്കാം എന്നതാണ് മനുഷ്യാന്വേഷണത്തിന്റെ കഥയിലെ ഏറ്റവും ആവേശകരമായ അദ്ധ്യായം. കണ്ടുപിടിത്തങ്ങളേറെയും അതിനുവേണ്ടിയുള്ളതായി. മനസ്സ് എത്തുന്നിടത്തെല്ലാം ശരീരവും എത്തണം, മനസ്സ് എത്തുന്നത്ര വേഗത്തിൽതന്നെ എത്തണം എന്നാണ് ആഗ്രഹം. വേണ്ടതെന്തും വേണ്ടതിലേറെ ഉടനുടൻ എത്തിക്കുന്ന ഭൂതത്തെയും ആഗ്രഹിക്കുന്ന വിഭവങ്ങളേതും ആഗ്രഹിക്കുന്ന മാത്രയിൽ വിളമ്പാനൊരുക്കുന്ന അക്ഷയപാത്രത്തെയും സങ്കല്പത്തിൽ നുണഞ്ഞ് ആസ്വദിക്കുകയും യാഥാർത്ഥ്യത്തിൽ കാണാതെ നൈരാശ്യം കൊള്ളുകയും ചെയ്യുന്ന മനുഷ്യൻ, മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ മാതൃകാരൂപമാണ്. ആ മാതൃകയെ മായിച്ച് പകരം എല്ലാ കൊതികളും നിമിഷാർദ്ധംകൊണ്ടു നിറവേറ്റുവാൻ സാധിക്കും എന്ന് ചിന്തിക്കാൻ പ്രേരണ നൽകുന്ന പുരോഗതിയാണ് ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്. പുരോഗതി എന്ന് പറയുന്നതുതന്നെ സത്വരമായ ആഗ്രഹസാഫല്യമാണ് എന്നും വന്നിരിക്കുന്നു. പണ്ട് പ്രഭുക്കന്മാരുടെ സവിശേഷാവകാശമായി സംവരണം ചെയ്യപ്പെട്ടിരുന്നത് ഇന്ന് എല്ലാവരുടെയും കാര്യത്തിൽ ആകാം എന്ന നിലയിലേക്കാണ് വന്നിരിക്കുന്നത്.

ആധുനിക ജീവിതത്തിന്റെ അപ്പൊസ്തലൻ അരിസ്റ്റിപ്പസ് ആണെന്നല്ലേ ഇതിന്റെ അർത്ഥം. എന്തിനേയും, ഏതു വ്യക്തിയേയും, എന്റെ തൃഷ്ണകൾക്കു ശമനം വരുത്താനുള്ള ഇരയായി കണ്ടാൽ മതി എന്നല്ലേ പുതിയ കാലത്തിന്റെ സുവിശേഷം. ദേവാലയങ്ങളോ കലാകേന്ദ്രങ്ങളോ സാംസ്കാരിക നിലയങ്ങളോ ഓരോ പ്രദേശത്തിന്റെയും മുഖമുദ്രയായിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇപ്പോൾ, സൂപ്പർ മാളുകളുടെ പേരിലാണ് ഏതു പ്രദേശവും അറിയപ്പെടുന്നത്. ഇവയിൽ ഒന്നിന്റെയെങ്കിലും പകുതി വീട്ടിൽ എത്തിക്കാൻ കഴിയാത്തതിനെക്കുറിച്ചുള്ള ചിന്തയാണ് ഇന്നു നമ്മുടെ ഉറക്കം കെടുത്തുന്നത്. മനുഷ്യന്റെ ഒന്നാമത്തെ പരീക്ഷ ഒടുങ്ങാത്ത വിശപ്പും കാണുന്നതെല്ലാം അത് ശമിപ്പിക്കാനുള്ള വിഭവങ്ങളും ആണെന്ന വിചാരമാണ്. എന്തിനാണ് വിശന്നിരിക്കുന്നത്, കൈനീട്ടിയാൽ പോരേ, എന്താണ് നിങ്ങൾക്ക് ലഭ്യമാകാതെ പോവുക എന്നു പ്രലോഭിപ്പിക്കുന്നവർ ഇക്കിളി ഉണ്ടാക്കുംവിധമല്ലേ ഈ കാര്യവസ്തുക്കളെ അവതരിപ്പിക്കുന്നത്? അച്ചടി മാധ്യമങ്ങളും പുതിയ ആവേദന സാങ്കേതിക വിദ്യയും എന്തൊരു വശ്യതയോടെയാണ് ഈ ചെകുത്താൻ വേദത്തെ നമ്മുടെ മേൽ പ്രയോഗിക്കുന്നത്!

നമ്മൾ നെറ്റി ചുളിക്കുകയും പരിഭ്രാന്തി കൊള്ളുകയും ചെയ്യുന്ന അത്യാചാര വാർത്തകളുടെ ഉറവിടം തൃഷ്ണയുടെ വേദാന്തമാണ്. അഭിലാഷം തോന്നിയാൽ നിറവേറ്റാനുള്ള അവകാശം മാത്രമല്ല, അതിനെ നിഷേധിക്കുകയും തടയുകയും ചെയ്താൽ അപായപ്പെടുത്താനുള്ള അവകാശംകൂടിയുണ്ടെന്നാണ് വന്നിരിക്കുന്നത്. വടിവാളും പെട്രോൾ ടിന്നും ആസിഡുകുപ്പിയുമായി പ്രേമിക്കാനിറങ്ങുന്ന കാമുകന്മാരുടെ അവകാശവാദവും ഇതുതന്നെയല്ലേ? ആണ്!

◎

യുവലോകം - 55

ഫാ. ഡോ. തോംസൺ റോബി

# ചിന്തകൾ നമ്മുടെ വ്യക്തിത്വത്തെ സ്വാധീനിക്കുന്നു



"As a man thinketh in his mind so he becomes" എന്നു പറയുന്നത് അക്ഷരാർത്ഥത്തിൽ പരമാർത്ഥമാണ്. ഒരു മനുഷ്യനെ കരുപ്പിടിപ്പിക്കുന്നത് അയാളുടെ ചിന്തകൾ മാത്രമാണ്. "ആത്മധൈര്യവും കഴിവും ഉള്ള വ്യക്തിയാണ് ഞാൻ'' എന്നുള്ള ചിന്ത രൂപീകരിക്കുവാൻ സാധിക്കുന്ന വ്യക്തിക്ക് ആ സവിശേഷതകൾ സ്വയം ഉളവായി വരും. "യാതൊന്നിനും കൊള്ളരുതാത്ത ഒരാളാണ് ഞാൻ'' എന്നുള്ള വിചാരം വച്ചു പുലർത്തുന്ന ആൾ അത്തരക്കാരനായിത്തീരും. നമ്മുടെ ചിന്തകളും സ്വഭാവ രീതികളും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. ചിലപ്പോൾ പരാജയപ്പെട്ടെങ്കിലും "എന്റെ ഡിക്ഷണറിയിൽ അസാദ്ധ്യം എന്ന വാക്കില്ല" എന്നു വിശ്വസിച്ചിരുന്ന നെപ്പോളിയൻ തോൽവിയെ അതിജീവിച്ച് വിജയത്തിലേറിയിരുന്നതായി നാം ചരിത്രത്തിൽ കാണുന്നു.

ഇന്ന് മനുഷ്യന്റെ ചിന്തകൾ വളഞ്ഞ വഴിയിലൂടെയാണ് ചരിക്കുന്നത്. കൈക്കൂലിയിലൂടെയും അന്യനെ വക്രിച്ചും, തന്റെ സാമ്രാജ്യം കെട്ടിപ്പടുക്കുന്ന മത-രാഷ്ട്രീയ-സാമൂഹ്യ മണ്ഡലങ്ങളിലുള്ളവർ തങ്ങളുടെ പോക്ക് നേരായ വഴിയിലൂടെയല്ല എന്നു തിരിച്ചറിയുമ്പോഴേക്കും കാലം വൈകിപ്പോയിരിക്കും. ധാർമ്മികമായ ജീവിത പ്രമാണങ്ങളിൽ വെള്ളം ചേർത്ത് അവയുടെ സാന്ദ്രത കുറയ്ക്കുവാനുള്ള പ്രവണത വലിയ വിപത്തു വരുത്തിവെയ്ക്കും. സൂര്യനു പുറം തിരിഞ്ഞ് നടക്കുന്ന ഒരാളിന് സൂര്യാസ്തമനത്തിന്റെ സൗന്ദര്യം ദർശിക്കുവാൻ കഴിയില്ല. മാത്രമല്ല തന്റെ നിഴൽ മാത്രമേ അയാൾക്കു കാണുവാൻ കഴിയുകയുള്ളൂ. സ്വന്തം നിഴൽ നോക്കി നടക്കുന്നവൻ തന്റെ ഇരുണ്ട രൂപം മാത്രം കാണുന്നു. എന്നാൽ നേരെ തിരിഞ്ഞുനടന്നാൽ നമ്മുടെ ഇരുണ്ട നിഴൽ കാണുകയില്ല; മറിച്ച്, നമ്മുടെ ജീവന് ദായകമായ സൂര്യബിംബത്തിന്റെ വിശ്വരൂപം ദർശിക്കുവാൻ കഴിയും. തെറ്റായ ജീവിത പ്രവൃത്തികളിൽ ഏർപ്പെടുന്നത് സൂര്യന് പുറംതിരിഞ്ഞ് നടക്കുന്നതിന് തുല്യമാണ്; അങ്ങനെയുള്ളവർ തങ്ങളുടെ ഇരുണ്ടരൂപം കണ്ടു തൃപ്തരാകേണ്ടി വരും.

വെളിച്ചത്തെ ഇരുട്ടാക്കരുത്. 'ജീവിതസമ്മർദ്ദം എല്ലാ രോഗങ്ങൾക്കും നിദാനം' എന്നു പറയുന്നുണ്ട്. നമ്മുടെ വികലമായ ചിന്തകളുടെയും ആധികളുടെയും, നാളയെക്കുറിച്ചുള്ള ആകുലചിന്തകളുടെയും സമ്മർദ്ദത്തെ ശരീരത്തിന് താങ്ങാനാകാതെ വരുമ്പോൾ രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുന്നു. ലോകത്തിൽ രണ്ടു തരത്തിലുള്ള മനുഷ്യരുണ്ട്. അന്തർമുഖികളും (Introverts) ബാഹ്യലോക കാര്യങ്ങളിൽ ശ്രദ്ധാലുക്കളും (Extroverts). ആദ്യത്തെ കൂട്ടർ തങ്ങളിലേക്കു തന്നെ നോക്കിക്കൊണ്ടിരിക്കുന്നു. രണ്ടാമത്തെ കൂട്ടർ മറ്റുള്ളവരിലേക്കും അവരുടെ വേദനകളിലേക്കും നോക്കുന്നു. സ്വന്തം കാര്യം നോക്കുന്നവൻ കെട്ടിക്കിടക്കുന്ന ജലാശയം പോലെയാണ്. അതിൽ ചാവുകടൽ എന്നപോലെ ദു:ഖവും നെടുവീർപ്പുമാകുന്ന ലവണങ്ങൾ നിറഞ്ഞിരിക്കുന്നു. മറ്റുള്ളവരുടെ കാര്യങ്ങ

ളിലും ദു:ഖങ്ങളിലും പങ്കുചേരുന്നവർ ഒഴുകുന്ന നീർച്ചാലു പോലെയാണ്. എപ്പോഴും സന്തുഷ്ടരും തൃപ്തരും ആയിരിക്കും.

'ദൈവഭക്തിയിലുള്ള അഹങ്കാരം' വിപൽക്കരമായ ഒന്നാണ്. ദൈവശാസ്ത്രത്തിന്റെ കുത്തകകൾ എന്നഭിമാനിക്കുന്ന ചിലർ തങ്ങളുടെ വേദപാണ്ഡിത്യത്തിലും അറിവിലും അഹങ്കരിക്കുന്നു. പൂന്താനത്തിന്റെ ഭക്തിയും മേൽപ്പത്തൂരിന്റെ വിഭക്തിയും സംബന്ധിച്ചുള്ള ഐതിഹ്യം ഇവിടെ ശ്രദ്ധേയമാണ്. താൻ എഴുതിയ ലളിതമായ കവിതകൾ പരിശോധിച്ചു തെറ്റു തിരുത്തിക്കൊടുക്കുവാൻ മഹാപണ്ഡിതനായ മേല്പത്തൂരിനെ പൂന്താനം ഏൽപ്പിച്ചു. എന്നാൽ തന്റെ പാണ്ഡിത്യത്തിലുള്ള അഹന്തമൂലം മേൽപ്പത്തൂർ ആ അപേക്ഷ സ്വീകരിച്ചില്ല. അപ്പോൾ "മേല്പത്തൂരിന്റെ പാണ്ഡിത്യമല്ല പൂന്താനത്തിന്റെ ഭക്തിയാണ് ഞാൻ സ്വീകരിക്കുന്നത്'' എന്നൊരു അശരീരി ഉണ്ടായി എന്നാണ് ഐതിഹ്യം. നമ്മുടെ പാണ്ഡിത്യമല്ല മറിച്ച് നമ്മുടെ ജ്ഞാനവും വിവേകവും മറ്റുള്ളവരോടുള്ള സമീപനവും നമ്മെ നാമാക്കി മാറ്റുന്നു എന്നത് മറക്കരുത്. "നാം എന്തോ വലിയ കാര്യമാണ്" എന്ന് സ്വയം തോന്നിയാൽ അത് വീഴ്ചയുടെ ആരംഭമാണ്. ആത്മീയമായ അഹങ്കാരം വീഴ്ചയുടെ ആഘാതം വർദ്ധിപ്പിക്കുന്നു.

'നമ്മുടെ ചിന്തകളെ സ്ഫുടം ചെയ്യുക' എന്നതാണ് വലിയ ആവശ്യം. ഋഗ്വേദത്തിൽ ഒരു ഋഷി ഇപ്രകാരം പ്രാർത്ഥിക്കുന്നു: "ജഗദീശ്വരാ അങ്ങ് എന്റെ രക്ഷാകർതൃസ്ഥാനം ഏറ്റെടുക്കേണമേ". നമ്മുടെ ചിന്തകളിൽ ദൈവത്തിന്റെ ഇടപെടൽ അത്യാവശ്യമാണ്. ദൈവത്തിൽ നിന്ന് മറഞ്ഞിരിക്കുവാൻ സാധ്യമല്ല. ചുക്കാൻ ദൈവത്തെ ഏൽപ്പിക്കുക. സംതൃപ്തി ദൈവത്തിന്റെ വരദാനമാണ്. ഇന്ന് മനുഷ്യർ സംതൃപ്തരല്ല, സുഖമോഹികളാണ്. അതിനാലാണ് ചിന്തകൾ അവരെ അപഥസഞ്ചാരത്തിലേക്ക് നയിക്കുന്നത്. മറ്റുള്ളവരെ കൊള്ളിവച്ചും, ഉപദ്രവിച്ചും പിടിച്ചു പറിച്ചും ഭൗതികസുഖം തേടുന്നവർ എന്തുനേടിയാലും തൃപ്തരാണോ? സ്ഥാനമാനങ്ങൾ നേടിയാൽ മനുഷ്യന്റെ തൃഷ്ണ ശമിക്കുന്നുണ്ടോ? എന്നാൽ ദൈവിക സമാധാനം തേടുന്നവന് ഈ സൗഭാഗ്യം ലഭ്യമാകും.


ഇന്നത്തെ യുവതലമുറ ചിന്തകളെ തെറ്റായ വഴിയിലേക്ക് തിരിക്കുന്നു എന്നതാണ് സങ്കടം. ജീവിതത്തിൽ തെറ്റുകൾ വന്നാൽ അതിൽനിന്ന് പാഠങ്ങൾ ഉൾക്കൊള്ളണം. നാം നമ്മെത്തന്നെ അറിയുകയും നമ്മുടെ കൈമുതലിന്റെ കണക്കെടുക്കുകയും ചെയ്യുമ്പോൾ ദൈവത്തെ കണ്ടെത്തുവാൻ നമുക്കു കഴിയും. നാം ദൈവത്തിങ്കലേക്ക് തിരിയുക എന്നു വച്ചാൽ നാം നമ്മിലേക്കു തന്നെ തിരിച്ചു വരിക എന്നതാണ്. ഈ ഉൾക്കാഴ്ചയാണ് ഇന്ന് ആവശ്യം. നമ്മുടെ ചിന്തകൾക്ക് നമ്മുടെ വ്യക്തിത്വത്തിനുമേൽ വളരെയധികം സ്വാധീനം ചെലുത്തുവാൻ കഴിവുണ്ട്. "മനുഷ്യാത്മാവ് അതിന്റെ ചിന്തകളുടെ ചായത്തിൽ മുക്കപ്പെടുന്നു" എന്ന് മാർക്കസ് ഒറിലിയസ് പറഞ്ഞിട്ടുള്ളതിന്റെ സാരവും അതുതന്നെയാണ്. ലോക സുഖവും സമ്പത്തും നേടിയാലും നാം നമ്മെ തിരിച്ചറിഞ്ഞില്ലെങ്കിൽ ജീവിതം വ്യർത്ഥമായിത്തീരും. തിരിച്ചറിയുമ്പോൾ പോകേണ്ടുന്ന വഴി നമുക്കു തെളിഞ്ഞുവരും. നമ്മുടെ ചിന്താധാരകൾ നമ്മുടെ വിശ്വാസത്തിന് ചിറകു മുളയ്ക്കുവാൻ സഹായിക്കട്ടെ. വേരുള്ള വൃക്ഷങ്ങളായി ജീവിതത്തെ നേരിടാനുള്ള ഉൾക്കരുത്ത് നേടുവാൻ ശ്രമിക്കുക. ജീവിതത്തിന്റെ സുന്ദരമായ മറുവശം കാണുവാൻ സാധിക്കും.

◎

ഇതൾ - 1

ഫാ. നോബിൻ ഫിലിപ്പ്

# പ്രാർത്ഥന



"നിങ്ങൾക്ക് ആവശ്യമുള്ളവ ഇന്നതെന്നു നിങ്ങൾ യാചിക്കുംമുമ്പേ നിങ്ങളുടെ പിതാവ് അറിയുന്നുവല്ലോ" (വി. മത്തായി 6:8).

നാം ഇന്ന് ജീവിക്കുന്ന ഈ ലോകത്തിലേക്ക്, നമ്മുടെ ചുറ്റുപാടുകളിലേക്ക്, കണ്ണോടിക്കുമ്പോൾ കാണുന്നതും കേൾക്കുന്നതും നമ്മെ പലപ്പോഴും വേദനിപ്പിക്കും. തന്നിലേക്ക് തന്നെ ചുരുങ്ങി സമ്പത്തിനായി വ്യഗ്രതപ്പെട്ട് കവർച്ചയിലേക്കും, അഴിമതിയിലേക്കും, കൈക്കൂലിയിലേക്കും, അവസാനം കാരാഗൃഹത്തിലേക്കും അല്ലെങ്കിൽ മരണത്തിലേക്കും മനുഷ്യൻ എത്തുന്നു. സ്വാർത്ഥത എല്ലാ മേഖലകളിലും പടർന്നുകൊണ്ടിരിക്കുന്നു. എന്നാൽ ഏറെ ദു:ഖകരം, ഒരിക്കലും ഒരണുവിടപോലും സ്വാർത്ഥതയ്ക്ക് ഇടമില്ലാത്ത ആത്മീയതയിലേക്കും ഇത് ബാധിച്ചിരിക്കുന്നു എന്നുള്ളതാണ്. ഇന്ന് മനുഷ്യന് ഏറെ ഇഷ്ടം എന്റേതിനെയും, എനിക്ക് നന്മ ചെയ്യുന്ന ഒരു ദൈവത്തെയുമാണ്. കൂടി നിന്ന് പ്രാർത്ഥിക്കുമ്പോഴും നാം നമ്മെ മാത്രം സ്നേഹിക്കുന്നു. നമുക്കുവേണ്ടി മാത്രം നാം യാചിക്കുന്നു. അല്ല, ഇന്ന് ദൈവത്തോടും നാം ആജ്ഞാപിക്കുന്നു. ഇവിടെ പ്രാർത്ഥനയെക്കുറിച്ച് ഒരു തിരിച്ചറിവ് നാം നേടേണ്ടതുണ്ട്.

ഒരു കഥ ഇങ്ങനെ കേട്ടു: ഭൂമിയിൽ വച്ച് കുറ്റം ചെയ്ത മാലാഖയ്ക്ക് തന്റെ ചിറകുകൾ നഷ്ടമായി. ഇനി ഒരേയൊരു പോംവഴിയേയുള്ളൂ സ്വർഗ്ഗത്തിൽ ചെന്നെത്താൻ: ശക്തിയുള്ള പ്രാർത്ഥനകൾക്ക് ഉടമയായ ഒരാളെ കണ്ടെത്തുക, അയാളുടെ പ്രാർത്ഥനയിലൂടെ ചിറകുകൾ വീണ്ടെടുക്കുക. മാലാഖ ലോകം മുഴുവൻ അത്തരമൊരാളിനായി തിരഞ്ഞുനടന്നു. പക്ഷെ സ്വന്തം കാര്യത്തിനായി അല്ലാതെ പ്രാർത്ഥിക്കുന്ന ഒരാളെപ്പോലും കണ്ടെത്താനായില്ല. ചിലർ വഴിപാടുകൾ പോലെ പ്രാർത്ഥിക്കുന്നു. മറ്റു ചിലർ അന്യർക്ക് നാശമുണ്ടാകാൻ പ്രാർത്ഥിക്കുന്നു. തന്റെ ശ്രമം ഉപേക്ഷിക്കാൻ തീരുമാനമെടുത്ത് തിരച്ചിൽ നിർത്തുവാനൊരുങ്ങിയപ്പോഴാണ് നഗരത്തിലെ ഒരു ചേരിയിൽ നിന്നും ഒരു കുട്ടിയുടെ വിലാപം മാലാഖ കേട്ടത്. ആ കുട്ടി അക്ഷരമാലയിലെ എല്ലാ അക്ഷരങ്ങളും ക്രമത്തിൽ ഉരുവിടുകയായിരുന്നു. കൂടുതൽ അടുത്തുചെന്നപ്പോൾ ആ കുഞ്ഞുചുണ്ടുകൾ മന്ത്രിക്കുന്നത് മാലാഖയ്ക്ക് കേൾക്കാനായി: "പ്രിയപ്പെട്ട ദൈവമേ, എനിക്ക് എഴുതാനും വായിക്കാനും അറിയില്ല. അതുകൊണ്ട് മതഗ്രന്ഥങ്ങളോ, പ്രാർത്ഥനാപുസ്തകങ്ങളോ നോക്കിച്ചൊല്ലുവാൻ പറ്റുന്നില്ല. പക്ഷേ എനിക്കങ്ങയെ വലിയ ഇഷ്ടമാണ്. സ്കൂളിൽ പോകുന്ന കുട്ടികൾ ചൊല്ലിക്കേട്ടത് മന:പാഠമാക്കിയതാണീ അക്ഷരങ്ങൾ. ഇവയെ സ്വീകരിച്ചാലും. എന്നിട്ട് ഈ അക്ഷരങ്ങളിൽ നിന്ന് അങ്ങേയ്ക്ക് ഏറ്റവും പ്രിയപ്പെട്ട പ്രാർത്ഥനാവാക്യങ്ങൾ സ്വീകരിച്ചാലും." ആ നിമിഷത്തിൽ മാലാഖയ്ക്ക് ചിറകുകൾ തിരികെ കിട്ടി. വാക്കുകളോ അവയുടെ എണ്ണമോ അല്ല, ദൈർഘ്യമോ അതിന്റെ ഈണങ്ങളോ അല്ല ഒരു പ്രാർത്ഥനയുടേയും ആത്മാർത്ഥത നിർണ്ണയിക്കുന്നത്. നമ്മുടെ പ്രാർത്ഥന കാര്യസാധ്യങ്ങൾക്കുവേണ്ടിയുള്ള വെറും ജൽപ്പനങ്ങളാകാതെ സ്തുതിയായി കരേറ്റാം. മലങ്കര സഭയിലെ ഒളിമങ്ങാത്ത നക്ഷത്രം ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനി പറഞ്ഞ ഒരു വാക്ക് ഇവിടെ ഓർക്കാം:

"We have the right to pray in our own style with sheer respect to God; it will be liked by God"

നമുക്ക് നമ്മുടെ രീതിയിൽ പ്രാർത്ഥിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. പക്ഷെ അത് പൂർണ്ണമായും ദൈവത്തോടുള്ള ബഹുമാനത്തിൽ ആയിരിക്കണം. അങ്ങനെയാകുമ്പോൾ അവൻ പ്രാർത്ഥനയിൽ പ്രീതിപ്പെടും.

*Prayer: തമ്പുരാനെ എല്ലാ നേരത്തും സ്തുതിയും പുകഴും കാദീശും. ആമ്മീൻ.*



# Rajagiri Telemedicine Services

## CONSULT WITH YOUR DOCTOR FROM THE COMFORT OF YOUR HOME

Telemedicine service is to help patients save on travel cost and stay in touch with their doctors from wherever they are. The services can be availed between 9.00am to 5.00pm IST. Please ensure a laptop with high speed internet is available at your end Consultation timings will be mutually fixed, based on doctors available time schedule. For any Emergency situation, patient should be taken to the nearby Hospital.

To book a telemedicine appointment email to **telemedicine@rajagirihospital.com** or **Whatsapp to +91-7356600884 (messages only)** for more details visit **www.rajagirihospital.com**, or call: **+ 91 484 29 05 040**



Rajagiri Hospital

*We care. We cure*

Chunangamvely, Aluva, Kochi, Kerala, India
mail@rajagirihospital.com,
+91 484 29 05 000

www.rajagirihospital.com

Rajagiri Hospital Kochi
Rajagiri hospital

| കഥ |
| --- |
| തോമസ് പി. കൊടിയൻ |

# ഭൂതകാലത്തിൽ നിന്നൊരു സെൽഫി



"അമ്മമ്മേടെ തങ്കക്കുടമേ, നീയിതെന്താണെടാ ഭിത്തിയിൽ കാണിച്ചു വച്ചിരിക്കുന്നത്? അച്ഛൻ വഴക്കു പറയില്ലേ കുട്ടാ?"

അമ്മമ്മയുടെ അമ്പരപ്പും ഉൽക്കണ്ഠയും നിറഞ്ഞ ചോദ്യങ്ങൾ കേട്ട് സ്വീകരണമുറിയുടെ നിലത്തുകിടന്ന് ക്രയോൺസ് കൊണ്ട് ഭിത്തിയിൽ വരയ്ക്കുകയായിരുന്ന പേരക്കിടാവ് വര നിറുത്തി. കൊടുങ്കൈ കുത്തി കിടന്നുകൊണ്ടുതന്നെ കുസൃതിയോടെ അമ്മമ്മയെ നോക്കി. അവന്റെ ചെഞ്ചുണ്ടുകളിൽ ലക്ഷണമൊത്ത കവിത കണക്കൊരു ചെറുചിരി വിരിഞ്ഞു. അതിൽ ശൈശവനൈർമല്യത്തിന്റെ സ്വർഗ്ഗലാവണ്യം....

"നോ. ഹീ വിൽ നോട്ട്....." അവന്റെ അച്ഛന്റെ സ്വഭാവത്തെക്കുറിച്ച് അവനു കൃത്യമായ ബോധ്യങ്ങളുണ്ട്. യു.കെ.ജി.ക്കാരനായ അവനെ ഹോംവർക്കു ചെയ്യിക്കുകയായിരുന്ന അമ്മമ്മ ഒന്ന് അടുക്കളയിലേക്കു പോയ തക്കത്തിലാണ് ക്രയോൺസ് ഉപയോഗിച്ച് അവൻ ഭിത്തിയിൽ പണി പറ്റിച്ചുകളഞ്ഞത്. പല നിറങ്ങളിൽ നെടുകെയും കുറുകെയുമുള്ള ഏതാനും വരകൾ. അതിനുള്ളിൽ, അവന്റെ മനസ്സിലുള്ള ഏതോ രൂപത്തിന്റെ അമൂർത്തമായ ആവിഷ്കാരം!

"പൊടിക്കുട്ടൻ ഭിത്തിയിൽ വരയ്ക്കുന്നത് നിങ്ങളു കണ്ടില്ലായിരുന്നോ"?

ഭാര്യയുടെ കുറ്റപ്പെടുത്തലിന്റെ ചോദ്യമുനയേറ്റ് മുത്തശ്ശൻ അൽപമൊന്നു പരുങ്ങി. (ഒരു മുടിഞ്ഞ പേപ്പറു വായന! ഇദ്ദേഹം ഇന്ന് ഇപ്പൊത്തന്നെ ഇതൊക്കെ വായിച്ചു തീർത്തില്ലെങ്കിൽ ലോകം തലകീഴായി തൂങ്ങിപ്പോകുമോ എന്നൊരു മുൾമുന ആ ചോദ്യത്തിലുണ്ടെന്ന് അയാൾക്കു മനസ്സിലാക്കിയെടുക്കാൻ മുപ്പത്തിനാലു വർഷം മിനുക്കമുള്ള ദാമ്പത്യാനുഭവം ധാരാളമായിരുന്നു.)

സെറ്റിയിലിരുന്ന് പേപ്പർ വായിക്കുകയായിരുന്ന മുത്തശ്ശൻ പൗത്രന്റെ കലാരൂപത്തിലേക്കു നോക്കി. അയാളുടെ നോട്ടം ആ വരകളും കുറികളും നിറഞ്ഞ അമൂർത്തരൂപത്തിനുമപ്പുറത്തെ അൾട്ടിമ പെയിന്റും അതിനു പുറകിലെ പ്രൈമർ, പുട്ടി തുടങ്ങിയ സാമ്പത്തിക ചിലവുകളിലേക്കും മനുഷ്യാധ്വാനങ്ങളിലേക്കുമാണു ചെന്നത്.

'പുതുപുത്തൻ വീടല്ലേ? ഇതിലിങ്ങനെ വരച്ചുകൂട്ടി എന്തിനാ മോനേ, മുത്തശ്ശന്റെയും മുത്തശ്ശിയുടെയും ഈ ആവതില്ലാത്ത കാലത്ത് നിന്റെ അച്ഛനെക്കൊണ്ടും അമ്മയെക്കൊണ്ടും കുറ്റം പറയിപ്പിക്കാനിടവരുത്തിയത്?' എന്ന അർത്ഥത്തിൽ അയാൾ അൽപ്പമൊരു ദയനീയതയോടെ ആ കൊച്ചു കലാകാരനെ നോക്കി. 'ഞങ്ങളെ രണ്ടെണ്ണത്തിനെ മനസ്സമാധാനത്തോടെ ഉള്ള കഞ്ഞി കുടിപ്പിക്കെന്റെ കുഞ്ഞേ' എന്നൊരു അപേക്ഷയുമുണ്ടായിരുന്നു, മകന്റെ ചിലവിൽ ജീവിക്കുന്ന ആ പിതാവിന്റെ കണ്ണുകളിൽ.

രാവിലെ ജോലിക്കു പോകേണ്ട തിരക്കിലാണ് യു.കെ.ജി.ക്കാരന്റെ മാതാപിതാക്കൾ. അവർ ഒരുക്കം കഴിഞ്ഞ് ഇറങ്ങാറായിരിക്കുന്നു. ഇനി, ഇതു കാണുമ്പോൾ എന്തു പുകിലാണാവോ ഉണ്ടാകാൻ പോകുന്നതെന്ന് ആ വൃദ്ധദമ്പതികൾ ആകുലപ്പെട്ടിരിക്കവേ തിടുക്കമുള്ള ചുവടുവെയ്പ്പുകളോടെ മകനും മരുമകളുമെത്തിക്കഴിഞ്ഞു.

പോകാനുള്ള തിരക്കിനിടയിൽ അച്ഛന്റെ കണ്ണിൽ തന്റെയാ കലാസൃഷ്ടി പെടുന്നില്ലെന്നു മനസ്സിലാക്കിയ പൊടിമോൻ അച്ഛനെ വിളിച്ചു:

"അച്ഛാ, അമ്മേ...ദാ ...എന്റെ പെയിന്റിംഗ്" .....അഭിമാനം നിറഞ്ഞ സ്വരത്തിലുള്ള മകന്റെ വിളിയുടെ സ്നേഹബന്ധത്തിൽ കുരുങ്ങി അവർ നിന്നു.

'ഇവനിപ്പോ അവരെ വിളിച്ചു നിറുത്തേണ്ട വല്ല കാര്യവുമുണ്ടായിരുന്നോ' എന്ന വലിയൊരു ആധി മിന്നൽ പോലെ മുത്തശ്ശന്റെ മനസ്സിലൂടെ കടന്നുപോയി.

മുത്തശ്ശിയ്ക്കുമൊരു പാരവശ്യമനുഭവപ്പെട്ടു. ഭർത്താവ് വഴക്കു കേട്ടാലും താൻ കേട്ടാലും ഫലം ഒന്നുതന്നെയാണല്ലോ എന്ന ചിന്തയിലായിരുന്നു അവർ. ഇനി എന്തു പുകിലാണാവോ ഉണ്ടാവാൻ പോകുന്നത്? മക്കൾ ജോലി കഴിഞ്ഞ് മനസ്സമാധാനത്തോടെ മടങ്ങിവരുമ്പോൾ കാര്യങ്ങൾ പറഞ്ഞാൽ

മതി എന്നു തീരുമാനിച്ചിരുന്നതാണ് അവർ. പൊടി മോൻ എല്ലാം കുളമാക്കിയിരിക്കുന്നു.

എന്നാൽ, അവരുടെ പ്രതീക്ഷകൾക്കു വിപരീത മായി, നിറഞ്ഞ അൽഭുതം ഭാവിച്ചുകൊണ്ട് തങ്ങളുടെ മകൻ പൗത്രനു നേരെ നടന്നടുക്കുന്ന കാഴ്ചയാണ് ആ മാതാപിതാക്കൾ കണ്ടത്. അവൻ മകനെ ചേർത്തു നിറുത്തി, അവന്റെ നെറുകയിലും കവി ളിലും ചുംബിച്ചുകൊണ്ടു പറഞ്ഞു: "നല്ല ചിത്രം. അച്ഛന് ഭയങ്കരമായി ഇഷ്ടപ്പെട്ടു. ചന്ദനാ നിനക്കി ഷ്ടപ്പെട്ടോ നമ്മുടെ പൊടിക്കുട്ടന്റെ പെയിന്റിംഗ്?" മകൻ മരുമകളെ നോക്കി ചോദിക്കുകയാണ്.

"പിന്നേ, സൂപ്പറല്ലേ?" അമ്മയും അവന്റെ കവി ളിൽ മെല്ലെ തലോടുന്നു.

"പൊടീ, അച്ഛൻ വൈകുന്നേരം വരുമ്പോൾ മോന് പടം വരച്ചു പഠിക്കുന്നതിന് നല്ലൊരു ബുക്ക് വാങ്ങി ത്തരുന്നുണ്ട്. മോൻ ദിവസവും അതിൽ വരച്ചു പഠി ക്കണം. ഞങ്ങളെയെല്ലാവരെയും അത് കാണിച്ചു തരി കയും വേണം. അപ്പൊ പിന്നെ, ഭിത്തിയിൽ വരച്ചു കൈ വേദനിപ്പിക്കേണ്ടല്ലോ? ഭിത്തിയിലെ പെയിന്റിംഗ്, നമ്മൾ പുതിയ പെയിന്റടിച്ചു മായ്ച്ചു കളഞ്ഞാൽ പിന്നെ കാണാൻ പറ്റില്ല. എന്നാൽ പുസ്തകത്തിൽ വരച്ചാൽ അതു നമുക്ക് എല്ലാ കാലത്തേക്കുമായി സൂക്ഷിച്ചു വെയ്ക്കാം. പൊടിയുടെ ഈ ആദ്യചിത്രം, ഇപ്പൊ അച്ഛൻ മൊബൈലിലെടുക്കും. എന്നിട്ട് എന്റെ മകന്റെ ആദ്യ പെയിന്റിംഗ് എന്നു പറഞ്ഞ് ഫെയ്സ്ബുക്കിലിടും. നോക്കാല്ലോ പൊടിക്കെത്ര ലൈക്ക് കിട്ടുമെന്ന്. പിന്നെത്ര കാലം കഴിഞ്ഞാലും പൊടിയ്ക്കത് ഫെയ്സ്ബുക്കിൽ നിന്ന് കാണുകയും ചെയ്യാല്ലോ."

